# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

ജി4/19990/15 തീയതി - 27.9.2016

## സർക്കുലർ നമ്പർ 14/2016-17

വിഷയം - കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്- സ്കാറ്റേർഡ് വിഭാഗം പദ്ധതി കാര്യക്ഷമമാക്കുന്നതിന് - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, ചെയർമാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്യോഗസ്ഥരുടെ യോഗത്തിൽ സ്കാറ്റേർഡ് സ്കീമിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും അംഗത്വം പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ചും വിശദമായി ചർച്ച ചെയ്യുകയുണ്ടായി. എഴുപതിനായിരത്തിൽ അധികം തൊഴിലാളികൾ ഉണ്ടായിരുന്ന സ്കാറ്റേർഡ് വിഭാഗത്തിൽ മുപ്പതിനായിരത്തിനു താഴെ തൊഴിലാളികൾ മാത്രമേ അംഗത്വം നിലനിർത്തുന്നുള്ളു. ആയതിനാൽ, പദ്ധതി കാര്യക്ഷമമാക്കുന്നതിനും പരമാവധി തൊഴിലാളികളുടെ അംഗത്വം പുനഃസ്ഥാപിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും പലിശ, പിഴപലിശ എന്നിവ കൂടാതെ അംഗത്വം പുനഃസ്ഥാപിക്കുന്നതിനുള്ള കാലയളവായ 25.6.2016 മുതൽ 24.12.2016 വരെയുള്ള അവസരം പരമാവധി തൊഴിലാളികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണമെന്നും ചെയർമാൻ നിർദ്ദേശം നൽകി. ഈ സാഹചര്യത്തിൽ പദ്ധതി കാര്യക്ഷമമാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1.ജില്ലാ കമ്മിറ്റിതലത്തിൽ സ്കാറ്റേർഡ് വിഭാഗം പദ്ധതി കാര്യക്ഷമമാക്കുന്നതിനും മുടങ്ങിപ്പോയ അംഗത്വം പുനസ്ഥാപിക്കുന്നതിനും ജെ.എസ്.റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ജില്ലാ തലത്തിൽ നോഡൽ ഓഫീസർ ആയി നിശ്ചയിക്കേണ്ടതും ടി ഉദ്യോഗസ്ഥന്റെ പേര് സഹിതം 5.10.2016 ന് മുൻപായി ജില്ലാ കമ്മിറ്റി ചെയർമാൻ ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

2.സ്കീമുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിനായി ഉപകാര്യാലയങ്ങളിൽ ഒരു ഉദ്യോഗസ്ഥനെ വീതം സ്കാറ്റേർഡ് വിഭാഗം ഇൻ ചാർജജ് ആയി നിശ്ചയിക്കേണ്ടതുമാണ്.

3. ജില്ലാ കമ്മിറ്റി തലത്തിൽ സ്കാറ്റേർഡ് വിഭാഗം പദ്ധതിയുടെ ചുമതല വഹിക്കുന്ന ജീവനക്കാരുടെ പേര് , തസ്തിക എന്നിവ അടിയന്തിരമായി ബോർഡിലേക്ക് അയച്ചുതരേണ്ടതാണ്.

4. ടി നോഡൽ ഉദ്യോഗസ്ഥൻ സ്കാറ്റേർഡ് വിഭാഗം പദ്ധതി കാര്യക്ഷമമാക്കുന്നതിനും മുടങ്ങിപ്പോയ അംഗത്വം പുനഃസ്ഥാപിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഉപകാര്യാലയങ്ങൾ സന്ദർശിക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും ജില്ലാ തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതുമാണ്. ആയത് സംബന്ധിച്ച റിപ്പോർട്ട് ജില്ലാ കമ്മിറ്റി ചെയർമാന് സമർപ്പിക്കേണ്ടതും ചെയർമാൻ ആയത് ചീഫ് എക്സിക്യൂട്ടീവിന് അയയ്ക്കേണ്ടതുമാണ്.

5. 7.7.2016 ലെ ചീഫ് എക്സിക്യൂട്ടീവിന്റെ ജി4/19990/15 നമ്പർ കത്ത് പ്രകാരം പലിശ, പിഴപലിശ എന്നിവ ഒഴിവാക്കി അംശാദായം അടച്ച് അംഗത്വം പുനസ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതുമാണ്. ഈ പദ്ധതി പ്രകാരം അംഗത്വം പുനഃസ്ഥാപിക്കാത്ത തൊഴിലാളികൾക്ക് നഷ്ടപ്പെട്ടുപോയ അംഗത്വം പുനസ്ഥാപിക്കുന്നതിന് അടിയന്തിരമായി പോസ്റ്റ് കാർഡിൽ കത്ത് നൽകേണ്ടതാണ്.

6. പലിശ, പിഴപലിശ എന്നിവ ഒഴിവാക്കി അംഗത്വം പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് ആവശ്യമായ പ്രചാരണങ്ങൾ വിവിധ മാധ്യമങ്ങൾ വഴിയും യൂണിയൻ നേതാക്കൾ മുഖേനയും ജില്ലാ കമ്മിറ്റി, സബ് കമ്മിറ്റി അംഗങ്ങൾ മുഖേനയും നൽകേണ്ടതാണ്. പലിശ, പിഴപലിശ ഒഴിവാക്കി അംഗത്വം പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച ഫ്ളക്സ് എല്ലാ ജില്ലാ കമ്മിറ്റികളിലും സ്കാറ്റേർഡ് തൊഴിലാളികളുടെ ആധിക്യമുള്ള ഓഫീസുകളിലും സബ് ഓഫീസുകളിലും പ്രദർശിപ്പിക്കേണ്ടതാണ്.

7. തൊഴിലാളികൾ അധികമുള്ള വിദൂരപ്രദേശങ്ങളിൽ ആവശ്യമെങ്കിൽ അംഗത്വം പുനഃസ്ഥാപിക്കുന്നതിനായി മേളകൾ സംഘടിപ്പിക്കേണ്ടതാണ്. ജില്ലയിലെ അംശാദായം അടയ്ക്കുന്ന സ്കാറ്റേർഡ് വിഭാഗം തൊഴിലാളികളുടെ അത്രയും തൊഴിലാളികളെ കൂടി അതായത് 100% അംഗത്വവർദ്ധനവാണ് ലക്ഷ്യം വയ്ക്കുന്നത്.

8. സ്കാറ്റേർഡ് പദ്ധതി കാര്യക്ഷമമാക്കുന്നതും അംഗത്വം പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ജില്ലാ കമ്മിറ്റിയുടെ പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും സംബന്ധിച്ച റിപ്പോർട്ട് ആഴ്ചതോറും ഈ ഓഫീസിൽ അയച്ചുതരേണ്ടതാണ്.

9. ഇതോടൊപ്പം സ്കാറ്റേർഡ് വിഭാഗം തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്തുന്ന തൊഴിലുടമകളെ രജിസ്റ്റർ ചെയ്യിക്കുന്നതിനും തൊഴിലുടമാവിഹിതം ശേഖരിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

10. ഈ വിഷയത്തിലെ പുരോഗതി സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി ബോർഡ് ഉദ്യോഗസ്ഥർ ജില്ലാ കമ്മിറ്റി ഓഫീസ് സന്ദർശിക്കുന്നതാണ്.

വിഷയത്തിൽ ബന്ധപ്പെട്ട ജില്ലാ കമ്മിറ്റി ചെയർമാൻമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും അതീവശ്രദ്ധ പുലർത്തേണ്ടതും പുരോഗതിയും പ്രതിബന്ധങ്ങൾ ഉണ്ടെങ്കിൽ ആ വിവരവും അറിയിക്കേണ്ടതാണ്. ഈ സർക്കുലർ ലഭിച്ച വിവരം മടക്ക തപാലിൽ അറിയിക്കേണ്ടതാണ്.

ചീഫ് എക്സിക്യൂട്ടീവ്

//ആജ്ഞാനുസരണം//

സൂപ്രണ്ട്